(ഡി) കൺസൾട്ടൻസി ഫീ കെ.എസ്.ഐ.ഡി.സി. അറിയിച്ചിട്ടില്ല.

(ഇ) അനുബന്ധമായി ചേർത്തിട്ടുണ്ട്†.

തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് കണക്ഷൻ

96 (3050) ശ്രീ. ലൂഡി ലൂയിസ് :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. കെ. ബാബു :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിൽ എത്ര എണ്ണത്തിന് ഇന്റർനെറ്റ് കണക്ഷനും സ്വന്തമായി വെബ് സൈറ്റുമുണ്ട് ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷനും വെബ് സൈറ്റ് സൗകര്യവും ഉണ്ടാക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം സഹായങ്ങൾ ചെയ്യുന്നുണ്ട് ?

ഉത്തരം

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ഇന്റർനെറ്റ് കണക്ഷനും സ്വന്തമായി വൈബ് സൈറ്റും നിലവിലില്ല. തിരുവനന്തപുരം, കണ്ണൂർ നഗരസഭകളിൽ ഇന്റർനെറ്റ് കണക്ഷൻ നിലവിലുണ്ട്.

(ബി) 1. കമ്പ്യൂട്ടർ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് 1997-98-ൽ 8 ലക്ഷം രൂപ, 1998-99-ൽ 25 ലക്ഷം രൂപ, 1999-2000-ൽ 25 ലക്ഷം രൂപ വീതവും സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്.

2. നഗരസഭകൾക്ക് അവരുടെ തനതായ ഫണ്ട് ഉപയോഗിച്ച് ഇൻഫർമേഷൻ കേരളാ മിഷന്റേയോ മറ്റ് അംഗീകൃത ഏജൻസികളുടെ സഹായത്തോടെയോ ഇന്റർനെറ്റ് സംവിധാനം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം നടപ്പാക്കുന്ന ക്ഷേമവികസന പദ്ധതികൾ

97 (3051) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ ഏതെല്ലാം വകുപ്പുകളുടെ കീഴിലുള്ള ക്ഷേമവികസന പ്രവർത്തനങ്ങളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം നടത്തുന്നതെന്ന് നഗരസഭ, മുൻസിപ്പാലിറ്റി, പഞ്ചായത്തുകൾ എന്നിങ്ങനെ തരംതിരിച്ച് വെളിപ്പെടുത്തുമോ ;

---

† അനുബന്ധം XI

LIBRARY ARCHIVES Kerala Legislative Assembly